Kerala Kaumudi 06-08-18, P-09

# പരമ്പരാഗത പച്ചക്കറികൾക്ക് വീണ്ടെടുപ്പിന്റെ പച്ചപ്പ്

KAUMUDI SPECIAL

എൻ.പി.മുരളീകൃഷ്ണൻ



തിരുവനന്തപുരം: അന്യംനിന്നുകൊണ്ടിരിക്കുന്ന മലയാളത്തിന്റെ സ്വന്തം പരമ്പരാഗത നാടൻപച്ചക്കറികൾ പുനർജനിക്കുന്നു. വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലാണ് (വി.എഫ്.പി.സി.കെ) പച്ചക്കറികളുടെ പരമ്പരാഗത വിത്തുത്പാദനവും പ്രചാരണവും ഏറ്റെടുത്തത്. നാടൻ പഴം, പച്ചക്കറികളുടെ വിത്ത് എന്നിവ വ്യാപകമായി ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കും. ഇതിനായി പ്രത്യേക പദ്ധതി രൂപീകരിക്കാൻ കൃഷിവകുപ്പ് വി. എഫ്. പി. സി. കെയോട് നിർദ്ദേശിച്ചു.

വിത്തുകളും കിഴങ്ങുവർഗങ്ങളും ഈ വർഷം പരീക്ഷണാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച് അടുത്ത വർഷം പൂർണതോതിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

വി.എഫ്.പി.സി.കെയുടെ തിരഞ്ഞെടുക്കപ്പെട്ട സ്വാശ്രയ ഗ്രൂപ്പുകളിലൂടെയാണ് നടപ്പാക്കുക. പരീക്ഷണാടിസ്ഥാനത്തിൽ 100 സ്ഥലങ്ങൾ തിരഞ്ഞെടുത്ത് കൃഷിയിറക്കും.

എല്ലാ ജില്ലകളിലും തിരഞ്ഞെടുത്ത കൃഷിയിടങ്ങളിൽ മാതൃകാ വിത്തുത്പാദന തോട്ടങ്ങൾ ആരംഭിക്കും. നാടൻപഴങ്ങളും പച്ചക്കറികളും ഉത്പാദിപ്പിക്കുന്ന കർഷകരെ തിരഞ്ഞെടുത്ത് മുൻഗണന നൽകും. ഇതിൽ പങ്കെടുക്കാൻ താത്പര്യമുള്ള മറ്റ് കർഷകരെയും ഉൾപ്പെടുത്തും.

## പരമ്പരാഗത വിത്തിനങ്ങൾ ഉത്പാദിപ്പിക്കും

അടപതിയൻ, നിത്യവഴുതന, ആനക്കൊമ്പൻ വെണ്ട, പൊട്ടുവെള്ളരി, പട്ട് ചീര, വേങ്ങേരി വഴുതന, കഞ്ഞിക്കുഴി പയർ, എടയൂർമുളക്, കേളുപയർ, മുള്ളൻവെള്ളരി തുടങ്ങി അന്യമാകുന്ന വിത്തുകളാണ് ഉത്പാദിപ്പിക്കുകയും വിൽക്കുകയും ചെയ്യുക. പരമ്പരാഗത വിത്തുകൾ കണ്ടെത്തുന്നതിന് കർഷക സമിതികൾ രൂപീകരിക്കും. വിത്തുത്പാദനത്തിന് കർഷകർക്ക് സഹായം നൽകുന്നതിന് പുറമേ സാങ്കേതിക സഹായവും വി.എഫ്.പി.സി.കെ ലഭ്യമാക്കും. ഉത്പാദിപ്പിക്കുന്ന വിത്തുകൾ നേരിട്ട് ശേഖരിച്ച് ആവശ്യമുള്ള കർഷകർക്കെത്തിക്കും.

“ രാസവളങ്ങളും കീടനാശിനികളും ഒഴിവാക്കി ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നല്ല പ്രതിരോധശേഷിയും മെച്ചപ്പെട്ട ഉത്പാദനശേഷിയുമുള്ള പരമ്പരാഗത വിത്തുകളും ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ഇവയുടെ ലഭ്യത നിലവിൽ കുറവാണ്. ഇത് പരിഹരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

- പ്രോജക്ട് ഓഫീസർ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ